# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2120

17.02.2016-ൽ മറുപടിക്ക്

## എന്റെ സംഘം ക്യാമ്പയിൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.പി.വിൻസെൻറ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ടി.എൻ. പ്രതാപൻ : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ എന്റെ സംഘം ക്യാമ്പയിൻ നടത്തിയിട്ടുണ്ടോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗത്തെയും, അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാകേണ്ടതുണ്ടെന്ന ലക്ഷ്യം മുൻ നിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ/ ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിയമാവലി/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘം ആസ്ഥാനത്ത് പരിശോധനക്കായി സൂക്ഷിക്കുക, അംഗത്വ രജിസ്റ്റർ, തിരിച്ചറിയൽ കാർഡ് |

രജിസ്റ്റർ, ലാൻഡ് രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ കാലാനുസൃതമാക്കുക, പൊതുയോഗം കൃത്യമായി കൂട്ടുക, ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കുക, സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ പിൻവലിച്ചു നൽകുക, ആഡിറ്റ് കുടിശിക തീർക്കുക, തരളധനം സൂക്ഷിക്കുക, റിസർവ്വ് ഫണ്ട് അടയ്ക്കുക, ജീവനക്കാരുടെ ജോലിവിഭജനം നടത്തുക, അവർക്ക് പരിശീലനം നൽകുക, സെമിനാറുകൾ സംഘടിപ്പിക്കുക, ഡെഡ്സ്റ്റോക്ക് നിയമാനുസൃതം എഴുതിതള്ളുക, സംഘത്തിൽ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുക, സംഘം പ്രവർത്തന പരിധിയിലെ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി മികച്ച കർഷകൻ അവാർഡ് നൽകുക, കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുക, സംഘം മുതലുകൾ സംരക്ഷിക്കുക, സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ ഊർജ്ജിതമാക്കി ശിക്ഷണ നടപടികൾ പൂർത്തിയാക്കുക, ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുക, സംഘം ലൈബ്രറികൾ കാര്യക്ഷമമാക്കുക, പുതിയ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുക എന്നിവ ടി പദ്ധതിയുടെ ഭാഗമാണ്.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) ടി പദ്ധതി നടപ്പാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 12/2012 നമ്പർ സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും പദ്ധതിയുടെ വിലയിരുത്തലിനുമായി താലൂക്ക് തലത്തിൽ സർക്കിൾ സഹകരണ

യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), പി.എ.സി.എസ് അസോസിയേഷൻ താലൂക്ക് തല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്കിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായുള്ള കമ്മിറ്റിയും, ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർ, സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറായുള്ള കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും, ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**